**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3755** **27-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പതിനഞ്ച് വർഷം പൂർത്തിയായ സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇത്തരം വാഹനങ്ങളുടെ കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 A പ്രകാരം 15 വർഷം പൂർത്തിയാ സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കാൻ കഴിയില്ല. ഇത്തരം വാഹനങ്ങൾ മോട്ടോർ വാഹന ചട്ടം 2021 പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള Registered Vehicle Scrapping Facility വഴി Dispost ചെയ്യേണ്ടതാണ്. ഇത്തരം വാഹനങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇത്തരം വാഹനങ്ങൾ ഏതെല്ലാം വകുപ്പുകളിൽ എത്ര വീതമുണ്ടെന്നും ഇതിൽ പുനരുപയോഗക്ഷമതയുള്ളവ എത്രയെണ്ണമുണ്ടെന്നും അറിയിക്കാമോ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ 15 വർഷം പൂർത്തിയായ ആകെ 64 സർക്കാർ വാഹനങ്ങളാണുള്ളത്. ഈ വാഹനങ്ങൾ പുനഃരുപയോഗക്ഷമമാണോ എന്ന് പരിശോധിച്ചു വരുന്നു.<br><br>വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2021 ൽ 15 വർഷം കാലാവധി പൂർത്തിയായ വാഹനങ്ങൾ - 6<br><br>2022 ൽ 15 വർഷം കാലാവധി പൂർത്തിയായ വാഹനങ്ങൾ - 4<br><br>2023 ൽ 15 വർഷം കാലാവധി പൂർത്തിയായ വാഹനങ്ങൾ - 12<br><br>2024 മെയ് മാസം വരെ 15 വർഷം കാലാവധി പൂർത്തിയായ വാഹനങ്ങൾ - 42<br><br>എല്ലാ സർക്കാർ വകുപ്പുകളിലെയും 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ വിവരം ഗതാഗത വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അതിനാൽ വിവരം ശേഖരിച്ചു വരികയാണ്. |
| (സി) | നടപ്പ് ബജറ്റിൽ പ്രഖ്യാപിച്ച സ്ക്രാപ്പ് നയത്തിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ വിൽക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. 15 വർഷം പൂർത്തിയാക്കിയ സർക്കാർ വാഹനങ്ങളുടെ കാര്യത്തിൽ കേന്ദ്ര മോട്ടോർ വാഹന |

| | | | |
|---|---|---|---|
| | | | ചട്ടം 52 A പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | പുനരുപയോഗക്ഷമതയുള്ളവ കാലാവധിയെത്തുന്നതിന് മുമ്പ് ലേലം ചെയ്യാറുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇല്ല. 15 വർഷം പൂർത്തിയാക്കിയ സർക്കാർ വാഹനങ്ങളുടെ കാര്യത്തിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 A പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ